നമ്പർ. എം.ഐ.റ്റി-2/26814/റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി,

പ്രേഷകൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്***— എം.വി.ഡി ഇ-സേവ കേന്ദ്രങ്ങൾ ആരംഭിയ്ക്കുന്നത് — സംബന്ധിച്ച്

സൂചന :- ഈ ഓഫീസിലെ 01-01-2016, 11-01-2016, 28-01-2016 എന്നീ തീയതികളിലെ കത്തുകൾ

മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷിയ്ക്കുന്നതിനും തുക ഒടുക്കുന്നതിനുമായി ഇടനിലക്കാരുടെ ചൂഷണങ്ങൾ ഒഴിവാക്കുക, പൊതുജനങ്ങൾക്ക് കുറ്റമറ്റതും സുതാര്യവും ഉപകാരപ്രദവുമായ സേവനങ്ങൾ പ്രദാനം ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി കുടുംബശ്രീയുമായി ചേർന്ന് രൂപകല്പന ചെയ്തിരിയ്ക്കുന്ന **"എം.വി.ഡി. ഇ-സേവ"** എന്ന പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനായി കുടുംബശ്രീ പ്രവർത്തകരുടെ മേൽനോട്ടം അതാത് ഓഫീസ് അധികാരികൾ നടത്തേണ്ടതാണ്. കൂടാതെ, ചുവടെ പറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിയ്ക്കുന്നു.

ഇ സേവ കേന്ദ്ര വഴി വരുന്ന അപേക്ഷകൾക്ക് ഫാസ്റ്റ് ട്രാക്ക് കഴിഞ്ഞാൽ മുൻഗണന നൽകേണ്ടതാണ്.

ഇ - സേവ കേന്ദ്രത്തിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ ഒരു ഉദ്യോഗസ്ഥനെ സൂപ്പർവൈസർ ആയി നിയമിക്കേണ്ടതും ടിയാനെ ആഴ്ചതോറും മാറ്റിനിയമിക്കേണ്ടതാണ്. ആയതിന് മുൻകൂറായി പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. ടി ഉദ്യോഗസ്ഥൻ കുടുംബശ്രീ യൂണിറ്റിലെ പ്രവർത്തനം നിരീക്ഷിക്കേണ്ടതും, സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സഹായം നൽകേണ്ടതും പ്രവർത്തനത്തെക്കുറിച്ച് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് റിപ്പോർട്ട് നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ട്രാൻസ്പോർട്ട് കമ്മീഷണർ

സിഡി